പതിനാലാം കേരള നിയമസഭ

**(FOURTEENTH KERALA LEGISLATIVE ASSEMBLY)**

സബ്ജക്ട് കമ്മിറ്റി V

**(SUBJECT COMMITTEE V)**

(പ്രവൃത്തികൾ, ഗതാഗതവും വാർത്താവിനിമയവും)

**(WORKS, TRANSPORT AND COMMUNICATIONS)**

2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട്

# REPORT OF ACTION TAKEN ON THE FOURTH REPORT ON THE SCRUTINY OF DEMANDS FOR GRANTS (2019-2020)

2020 ആഗസ്റ്റ് 24-ന് സഭയിൽ സമർപ്പിച്ചത്

(Presented on 24th August, 2020)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2020

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2020

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി V
# (SUBJECT COMMITTEE V)

## മരാമത്തും ഗതാഗതവും വാർത്താവിനിമയവും
## (WORKS, TRANSPORT AND COMMUNICATIONS)

**2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ**
**പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള**
**ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

**REPORT OF ACTION TAKEN ON THE FOURTH REPORT ON THE SCRUTINY OF DEMANDS FOR GRANTS**

**(2019-2020)**

593/2020.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | | |
| ശിപാർശകളും സർക്കാരിൽ നിന്ന് ലഭിച്ച മറുപടിയും | .. | 1 |
| സർക്കാരിൽ നിന്നും മറുപടി ലഭ്യമാകാത്ത ശിപാർശകൾ | .. | 47 |

# സബ്ജക്ട് കമ്മിറ്റി V
## (മരാമത്തും ഗതാഗതവും വാർത്താവിനിമയവും)
## (2019-2021)

ഘടന

<u>ചെയർമാൻ:</u>

ശ്രീ. ജി. സുധാകരൻ,
പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ:</u>

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,
തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി.

ശ്രീ. എ. കെ. ശശീന്ദ്രൻ,
ഗതാഗത വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. വി. അബ്ദുറഹിമാൻ

ശ്രീ. ജോൺ ഫെർണാണ്ടസ്

ശ്രീ. കെ. സി. ജോസഫ്

ശ്രീ. ഒ. രാജഗോപാൽ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. വി. ആർ. സുനിൽ കുമാർ

ശ്രീ. സി. എഫ്. തോമസ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി ജയശ്രീ എസ്., ജോയിന്റ് സെക്രട്ടറി

ശ്രീമതി രജനി വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. വി. ദീപക്, അണ്ടർ സെക്രട്ടറി.

# അവതാരിക

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ ചെയർമാനായ ഞാൻ, 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി V-ന്റെ 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 28-5-2019-ന് സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ പൊതുമരാമത്ത്, ഗതാഗതം, തുറമുഖം, കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് 26-12-2019, 22-7-2020 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്നു. ഒന്നാം ഭാഗത്ത് സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ അനന്തര നടപടിക്കുറിപ്പും, രണ്ടാം ഭാഗത്ത് വകുപ്പിൽ നിന്നും മറുപടി ലഭ്യമാക്കാത്ത ശിപാർശകളും ഉൾപ്പെടുത്തിയിരിക്കുന്നു.

2020 ജൂലൈ 22-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ജി. സുധാകരൻ,<br>ചെയർമാൻ,<br>*സബ്ജക്ട് കമ്മിറ്റി V.*

തിരുവനന്തപുരം,<br>2020 ജൂലൈ 22.

## റിപ്പോർട്ട്

### ഭാഗം-I

### സമിതിയുടെ ശിപാർശകളും അവ സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും

ശിപാർശ

2059-80-001-99 (01) — പൊതുമരാമത്ത്-ജനറൽ-ഭരണവും നടത്തിപ്പും-നടത്തിപ്പ്-നടത്തിപ്പ് (ചീഫ് എഞ്ചിനീയർ, കെട്ടിടങ്ങളും ലോക്കൽ പണികളും)

(02) — നടത്തിപ്പ് (ചീഫ് ആർക്കിടെക്ട് , പൊതുമരാമത്ത്)

കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെയും ജീവനക്കാരുടെയും ചീഫ് ആർക്കിടെക്റ്റിന്റെയും ജീവനക്കാരുടെയും ടൂർ റ്റി.എ., പി.ഒ.എൽ., മറ്റ് ഇനങ്ങൾ, സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 57.59 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 11)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 1546.20 ലക്ഷം രൂപയായിരുന്നു. ആകെ ചെലവായത് 1348.60 ലക്ഷം രൂപയാണ്. അതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

2059-80-001-98 — പൊതുമരാമത്ത്-ജനറൽ-ഭരണവും നടത്തിപ്പും-മേൽനോട്ടം

കെട്ടിട വിഭാഗത്തിലെ ജുഡീഷ്യൽ സർക്കിൾ എറണാകുളം ഉൾപ്പെടെ നാല് സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെയും അനുബന്ധ ജീവനക്കാരുടെയും ടൂർ റ്റി.എ., പി.ഒ.എൽ., മറ്റ് ഇനങ്ങൾ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 79.74 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 12)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം 840.67 ലക്ഷം രൂപയായിരുന്നു. ആകെ ചെലവായത് 750.68 ലക്ഷം രൂപയാണ്. അതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2059-80-001-97 — <u>പൊതുമരാമത്ത്-ജനറൽ-ഭരണവും നടത്തിപ്പും-നിർവ്വഹണം</u>

കെട്ടിട വിഭാഗത്തിന് കീഴിലുള്ള 21 ഡിവിഷനുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും ജീവനക്കാരുടെയും ശമ്പളം, പൊതുമരാമത്ത് റസ്റ്റ്ഹൗസ് ജീവനക്കാരുടെ ശമ്പളം, ലെജിസ്ലേച്ചർ കോംപ്ലക്സിലേയ്ക്ക് നിയോഗിക്കപ്പെട്ട ജീവനക്കാരുടെ ശമ്പളം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 13.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 13)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം 15576.27 ലക്ഷം രൂപയായിരുന്നു. ആകെ ചെലവായത് 15346.48 ലക്ഷം രൂപയാണ്. അതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

3054-01-001-99 — <u>റോഡുകളും പാലങ്ങളും-നാഷണൽ ഹൈവേയ്സ്- ഭരണവും നടത്തിപ്പും-ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ</u>

നാഷണൽ ഹൈവേ ചീഫ് എഞ്ചിനീയറുടെ ഓഫീസിലെ യാത്രാബത്ത, അവധി യാത്രാനുകൂല്യം, ദിവസവേതന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർക്കുള്ള ശമ്പളം, ഓഫീസ് ചെലവുകൾ, മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് എന്നീ ഇനങ്ങൾക്കായി ഈ ശീർഷകത്തിൽ 32 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 14)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം 447.75 ലക്ഷം രൂപയായിരുന്നു. ആകെ ചെലവായത് 548.82 ലക്ഷം രൂപയാണ്. അധികമായ തുക സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം വഴി അനുവദിച്ചുതന്നിട്ടുണ്ട്.

<u>ശിപാർശ</u>

3054-01-001-98 — <u>റോഡുകളും പാലങ്ങളും-നാഷണൽ ഹൈവേയ്സ്-ഭരണവും നടത്തിപ്പും-മേൽനോട്ടവും നിർവ്വഹണവും</u>

നാഷണൽ ഹൈവേ ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള സർക്കിൾ ഓഫീസുകളുടെ ഇലക്ട്രിസിറ്റി ചാർജ്ജ്, ടെലഫോൺ ചാർജ്ജ്, വെള്ളക്കരം, പി.ഒ.എൽ. ഇനത്തിലെ കുടിശ്ശിക, മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്, സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും എന്നീ ഇനങ്ങൾക്കായി ഈ ശീർഷകത്തിൽ 7.4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 15)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം 5899.05 ലക്ഷം രൂപയായിരുന്നു. ആകെ ചെലവായത് 5181.95 ലക്ഷം രൂപ ആണ് ഈ ചെലവ് ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ ആയതിനാൽ സമിതി ശിപാർശ പ്രകാരം അധികമായ തുക ആവശ്യം വന്നില്ല.

<u>ശിപാർശ</u>

3054-01-337-99 — <u>റോഡുകളും പാലങ്ങളും-നാഷണൽ ഹൈവേയ്സ്-റോഡുപണികൾ-സംസ്ഥാനത്തിനകത്തുള്ള ദേശീയപാതയിലെ അത്യാവശ്യ അറ്റകുറ്റപ്പണികൾ</u>

സംസ്ഥാനത്തിനകത്തുള്ള ദേശീയപാതകളിലെ അത്യാവശ്യ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി ചെയ്തു തീർക്കുന്നതിന് ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 16)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം 500 ലക്ഷം രൂപ ആയിരുന്നു ആകെ ചെലവ് 669.05 ലക്ഷം രൂപ ആണ്. അധികമായ തുക സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം വഴി അനുവദിച്ചുതന്നിട്ടുണ്ട്.

<u>ശിപാർശ</u>

3054-01-800-99 — <u>റോഡുകളും പാലങ്ങളും-നാഷണൽ ഹൈവേയ്സ്-മറ്റു ചെലവ്-മുനിസിപ്പൽ അതിർത്തികൾക്കുള്ളിൽ വരുന്ന നാഷണൽ ഹൈവേയുടെ സംരക്ഷണം</u>

മുനിസിപ്പൽ അതിർത്തികൾക്കുള്ളിൽ വരുന്ന ഹൈവേകളിലെ സംരക്ഷണ പണികൾക്കായി ഈ ശീർഷകത്തിൽ 4.6 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 17)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം 40 ലക്ഷം രൂപ ആയിരുന്നു. ആകെ ചെലവ് 68.41 ലക്ഷം രൂപ ആണ് അധികമായ തുക സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം വഴി അനുവദിച്ചുതന്നിട്ടുണ്ട്.

<u>ശിപാർശ</u>

3054-03-102-99 — <u>റോഡുകളും പാലങ്ങളും-സംസ്ഥാന ഹൈവേകൾ-പാലങ്ങൾ-സാധാരണ അറ്റകുറ്റപ്പണികൾ</u>

സംസ്ഥാന ഹൈവേയിലെ പാലങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 18)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ ചെലവ് ഇല്ലാതിരുന്നതിനാൽ സമിതി ശിപാർശ ചെയ്ത തുക ആവശ്യമായി വന്നില്ല.

ശിപാർശ

3054-03-102-98 — റോഡുകളും പാലങ്ങളും-സംസ്ഥാന ഹൈവേകൾ-പാലങ്ങൾ-മഴക്കാല അറ്റകുറ്റപ്പണികൾ

വെള്ളപ്പൊക്കംമൂലം നാശനഷ്ടങ്ങൾ സംഭവിച്ച പാലങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 19)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ ചെലവ് ഇല്ലാതിരുന്നതിനാൽ സമിതി ശിപാർശ ചെയ്ത തുക ആവശ്യമായി വന്നില്ല.

ശിപാർശ

3054-03-103-98 — റോഡുകളും പാലങ്ങളും-സംസ്ഥാന ഹൈവേകൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും-സംസ്ഥാന ഹൈവേകളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും (13-ാം ധനകാര്യ കമ്മീഷൻ ശിപാർശ)

പൂർത്തിയായ പ്രവൃത്തികൾക്ക് ബില്ലുകൾ മാറി നൽകുന്നതിനുവേണ്ടി ഈ ശീർഷകത്തിൽ 22.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 20)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ ചെലവ് ഇല്ലാതിരുന്നതിനാൽ സമിതി ശിപാർശ ചെയ്ത തുക ആവശ്യമായി വന്നില്ല.

ശിപാർശ

3054-03-337-99— റോഡുകളും പാലങ്ങളും-സംസ്ഥാന ഹൈവേകൾ-റോഡ് പണികൾ-സാധാരണ അറ്റകുറ്റപ്പണികൾ

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും നിലവിലുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും വെള്ളപ്പൊക്കംമൂലം നാശനഷ്ടങ്ങൾ സംഭവിച്ച റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും ബിറ്റുമിൻ വാങ്ങിയ വകയിൽ ബി.പി.സി.എൽ.-ന് നൽകാനുള്ള തുക നൽകുന്നതിനും വേണ്ടി ഈ ശീർഷകത്തിൽ 155 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 21)

സ്വീകരിച്ച നടപടി

ആകെ ചെലവായത് വോട്ട് ചെയ്തത് 31775.06 ലക്ഷം രൂപയും ചാർജ്ജ് ചെയ്തത് 49.03 ലക്ഷം രൂപയും ആണ്. ഇതിൽ അധികമായി വേണ്ടിവന്ന തുക സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം വഴി അനുവദിച്ച് തന്നിട്ടുണ്ട്.

ശിപാർശ

3054-03-337-96 — റോഡുകളും പാലങ്ങളും-സംസ്ഥാന ഹൈവേകൾ-റോഡു പണികൾ-വെള്ളപ്പൊക്ക കെടുതികളുടെ അറ്റകുറ്റപ്പണികൾ

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും നിലവിലുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും വെള്ളപ്പൊക്കംമൂലം നാശനഷ്ടങ്ങൾ സംഭവിച്ച റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും പുതുതായി ഭരണാനുമതി ലഭിച്ച 450 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും വേണ്ടി ഈ ശീർഷകത്തിൽ 200 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 22)

സ്വീകരിച്ച നടപടി

ആകെ ചെലവായത് 3002.96 ലക്ഷം രൂപയാണ്. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യം വന്നില്ല.

ശിപാർശ

3054-03-337-95 — റോഡുകളും പാലങ്ങളും-സംസ്ഥാന ഹൈവേകൾ-റോഡു പണികൾ-വിശിഷ്ടാതിഥികളുടെ സന്ദർശനം, റിപ്പബ്ലിക്/ സ്വാതന്ത്ര്യ ദിനാചരണം എന്നിവ സംബന്ധിച്ച പണികൾ

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും നിലവിലുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും വേണ്ടി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 23)

സ്വീകരിച്ച നടപടി

ആകെ ചെലവായത് 510.95 ലക്ഷം രൂപയാണ്. ഇതിൽ അധികമായി വേണ്ടി വന്ന തുക സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം വഴി അനുവദിച്ച് തന്നിട്ടുണ്ട്.

ശിപാർശ

3054-03-337-93 — റോഡുകളും പാലങ്ങളും-സംസ്ഥാന ഹൈവേകൾ-റോഡ് പണികൾ-ശബരിമല വർക്കുകൾ

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും നിലവിലുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും വേണ്ടി ഈ ശീർഷകത്തിൽ 40 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 24)

സ്വീകരിച്ച നടപടി

ആകെ ചെലവായത് 4547.94 ലക്ഷം രൂപയാണ്. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യം വന്നില്ല.

ശിപാർശ

3054-04-105-98 — റോഡുകളും പാലങ്ങളും-ജില്ലാതല റോഡുകളും മറ്റ് റോഡുകളും-സംരക്ഷണവും അറ്റകുറ്റപ്പണികളും-സംരക്ഷണവും അറ്റകുറ്റപ്പണികളും (13-ാം ധനകാര്യ കമ്മീഷൻ ശിപാർശ)

പൂർത്തിയായ പ്രവൃത്തികൾക്ക് ബില്ലുകൾ മാറി നൽകുന്നതിനുവേണ്ടി ഈ ശീർഷകത്തിൽ 10.9 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 25)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ ചെലവ് ഇല്ലാതിരുന്നതിനാൽ സമിതി ശിപാർശ ചെയ്ത തുക ആവശ്യമായി വന്നില്ല.

ശിപാർശ

3054-80-001-99— റോഡുകളും പാലങ്ങളും-ജനറൽ-ഭരണവും നടത്തിപ്പും-നടത്തിപ്പ്

പുതുതായി അനുവദിച്ച ചീഫ് എഞ്ചിനീയർ (പാലങ്ങൾ), ചീഫ് എഞ്ചിനീയർ (നിരത്ത് പരിപാലനം) എന്നീ ഓഫീസുകളിലെ ജീവനക്കാരുടെ ശമ്പളം, യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, പി.ഒ.എൽ. എന്നീ ഇനങ്ങൾക്കായി ഈ ശീർഷകത്തിൽ 7.34 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 26)

സ്വീകരിച്ച നടപടി

ആകെ ചെലവായത് 1547.68 ലക്ഷം രൂപയാണ്. ഇതിൽ അധികമായി വേണ്ടി വന്ന തുക സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം വഴി അനുവദിച്ച് തന്നിട്ടുണ്ട്.

ശിപാർശ

3054-80-001-98 — റോഡുകളും പാലങ്ങളും-ജനറൽ-ഭരണവും നടത്തിപ്പും-മേൽനോട്ടം

പുതുതായി അനുവദിച്ച സർക്കിൾ ഓഫീസുകളിലെ (പാലങ്ങൾ, നിരത്ത് പരിപാലനം) ജീവനക്കാരുടെ ശമ്പളം, യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, പി.ഒ.എൽ. എന്നീ ഇനങ്ങൾക്കായി ഈ ശീർഷകത്തിൽ 4.15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 27)

സ്വീകരിച്ച നടപടി

ആകെ ചെലവായത് 807.35 ലക്ഷം രൂപയാണ്. ഇതിൽ അധികമായി വേണ്ടി വന്ന തുക സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം വഴി അനുവദിച്ച് തന്നിട്ടുണ്ട്.

ശിപാർശ

3054-80-001-97— റോഡുകളും പാലങ്ങളും-ജനറൽ-ഭരണവും നടത്തിപ്പും-നിർവ്വഹണം

പുതുതായി അനുവദിച്ച ഡിവിഷൻ ഓഫീസുകളിലെ (പാലങ്ങൾ, നിരത്ത്പരിപാലനം) ജീവനക്കാരുടെ ശമ്പളം, വേതനം, യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റ പണികളും, പി.ഒ.എൽ., ട്രേഡ് അപ്രന്റീസ്മാർക്കുള്ള സ്റ്റൈപന്റ്, വാടക, കരം, നികുതി എന്നീ ഇനങ്ങൾക്കായി ഈ ശീർഷകത്തിൽ 81.73 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 28)

സ്വീകരിച്ച നടപടി

ആകെ ചെലവായത് 17790.58 ലക്ഷം രൂപയാണ്. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യം വന്നില്ല.

ശിപാർശ

3054-80-004-99 — റോഡുകളും പാലങ്ങളും-ജനറൽ - ഗവേഷണവും പരിഷ്കരണവും-കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

യാത്രാ ബത്ത, ഓഫീസ് ചെലവുകൾ, വെള്ളക്കരം, വൈദ്യുതി ചെലവുകൾ, പി.ഒ.എൽ., വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 1.2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 29)

സ്വീകരിച്ച നടപടി

ആകെ ചെലവായത് 296.97 ലക്ഷം രൂപയാണ്. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യം വന്നില്ല.

ശിപാർശ

3054-80-004-98— റോഡുകളും പാലങ്ങളും-ജനറൽ - ഗവേഷണവും പരിഷ്കരണവും-പബ്ലിക് വർക്ക് ഡിസൈൻ ഇൻവെസ്റ്റിഗേഷൻ ക്വാളിറ്റി കൺട്രോൾ ആൻഡ് റിസർച്ച് ബോർഡ്

യാത്രാ ബത്ത, ഓഫീസ് ചിലവുകൾ, പി.ഒ.എൽ., വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 30)

സ്വീകരിച്ച നടപടി

ആകെ ചെലവായത് 901.57 ലക്ഷം രൂപയാണ്. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യം വന്നില്ല.

ശിപാർശ

3054-80-004-96— റോഡുകളും പാലങ്ങളും-ജനറൽ-ഗവേഷണവും പരിഷ്കരണവും-പുതിയ പദ്ധതികളുടെ പ്രായോഗിക ക്ഷമതാപഠനം

പുതിയ പദ്ധതികളുടെ പ്രായോഗികക്ഷമതാ പഠനം, ഇൻവെസ്റ്റിഗേഷൻ ജോലികൾ, ഡി.പി.ആർ. തയ്യാറാക്കൽ, RBDCK-യുടെ മേൽനോട്ടത്തിൽ വിവിധ റെയിൽവേ മേൽപ്പാലങ്ങളുടെ ഡി.പി.ആർ. തയ്യാറാക്കൽ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 3.26 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 31)

സ്വീകരിച്ച നടപടി

ആകെ ചെലവായത് 423.24 ലക്ഷം രൂപയാണ്. അധികമായി വേണ്ടി വന്ന തുക സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം വഴി അനുവദിച്ച് തന്നിട്ടുണ്ട്.

ശിപാർശ

3054-80-004-93 — റോഡുകളും പാലങ്ങളും-ജനറൽ - ഗവേഷണവും പരിഷ്കരണവും-പൊതുമരാമത്ത് വകുപ്പിൻ കീഴിലെ ഇ-ഗവേണൻസ്

പൊതുമരാമത്ത് വകുപ്പ് ഓഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണം, ജീവനക്കാരുടെ ഐ.റ്റി. പരിശീലനം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 32)

സ്വീകരിച്ച നടപടി

ആകെ ചെലവായത് 10.56 ലക്ഷം രൂപയാണ്. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യം വന്നില്ല.

ശിപാർശ

3054-80-004-92— റോഡുകളും പാലങ്ങളും-ജനറൽ-ഗവേഷണവും പരിഷ്കരണവും-ക്വാളിറ്റി കൺട്രോൾ യൂണിറ്റ് സ്ഥാപിക്കലും കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ക്വാളിറ്റി കൺട്രോൾ യൂണിറ്റാക്കി ഉയർത്തലും

ഡിസൈൻ വിഭാഗം, കെ.എച്ച്.ആർ.ഐ., എച്ച്.ആർ.ഡി., ക്വാളിറ്റി കൺട്രോൾ കാര്യാലയങ്ങൾ മുഖേന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകുന്നതിലേക്കും ഡിസൈൻ ഓഫീസ്, ക്വാളിറ്റി കൺട്രോൾ ലാബുകൾ, കെ.എച്ച്.ആർ.ഐ. കാര്യാലയങ്ങളിലെ ദൈനംദിന ആവശ്യങ്ങൾക്കും ഡിപ്പാർട്ട്മെന്റ് വാഹനങ്ങളുടെ വാടകയിനത്തിലുമായി ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 33)

സ്വീകരിച്ച നടപടി

ആകെ ചെലവായത് 277.15 ലക്ഷം രൂപയാണ്. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യം വന്നില്ല.

ശിപാർശ

3054-80-107-97 — റോഡുകളും പാലങ്ങളും-ജനറൽ-റെയിൽവേ സുരക്ഷിതത്വ പണികൾ-കാവൽക്കാർ ഇല്ലാതെ ലെവൽ ക്രോസിംഗുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തൽ

കാവൽക്കാർ ഇല്ലാത്ത ലെവൽ ക്രോസിംഗുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തുന്നതിന് റെയിൽവേയ്ക്ക് നൽകേണ്ട കുടിശ്ശിക അനുവദിക്കുന്നതിനായി ഈ ശീർഷകത്തിൽ 6 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 34)

സ്വീകരിച്ച നടപടി

അനുമതി ലഭിക്കാത്തതിനാൽ തുക ഒന്നും ചെലവായില്ല. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യം വന്നില്ല.

ശിപാർശ

3054-80-800-95— റോഡുകളും പാലങ്ങളും-ജനറൽ-മറ്റ് ചെലവുകൾ-റോഡ് സുരക്ഷിതത്വ പണികൾ

റോഡ് സുരക്ഷാ പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 42.75 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 35)

സ്വീകരിച്ച നടപടി

ആകെ ചെലവായത് 173.30 ലക്ഷം രൂപയാണ്. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യം വന്നില്ല.

ശിപാർശ

3054-80-800-92 — റോഡുകളും പാലങ്ങളും-ജനറൽ-മറ്റ് ചെലവുകൾ-കേരള റോഡ് ഫണ്ട്

ഡിസ്ട്രിക്റ്റ് ഫ്ളാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പ്രോജക്റ്റിന്റെ (DFIP) ഭാഗമായി രാമനാട്ടുകര ഫ്ളൈ ഓവർ, തൊണ്ടയാട് ഫ്ളൈ ഓവർ, കണ്ണൂർ ഹിൽ ഹൈവേ, വലിയഴീക്കൽ പാലം, നാട്ടുകാണി-പരപ്പനങ്ങാടി റോഡ് എന്നീ പ്രവൃത്തികൾ കേരള റോഡ് ഫണ്ട് ബോർഡിന്റെ മേൽനോട്ടത്തിൽ പൂർത്തിയാക്കുന്നതിനായി ഈ ശീർഷകത്തിൽ 599 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 36)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 28703.52 ലക്ഷം രൂപയായിരുന്നു ആകെ ചെലവായത് 21935.82 ലക്ഷം രൂപയാണ്. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യം വന്നില്ല.

ശിപാർശ

4059-01-051-99— പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം-സംസ്ഥാന നിയമസഭ

കേരള നിയമസഭാ മന്ദിരത്തിന്റെ നവീകരണ ജോലികൾക്കായി ഈ ശീർഷകത്തിൽ 5.2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 37)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 82.37 ലക്ഷം രൂപയായിരുന്നു. ഈ ശീർഷകത്തിൽ ആകെ ചെലവായത് 486.24 ലക്ഷം രൂപയാണ്. അധിക അധികാരപ്പെടുത്തൽ ഉത്തരവ് മുഖേന അധികം ആവശ്യം വന്ന തുക ധനപുനഃവിനിയോഗം വഴി കണ്ടെത്തി.

ശിപാർശ

4059-01-051-97 — പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം-ഇലക്ഷൻ

ഇലക്ഷൻ കമ്മീഷന്റെ ആസ്ഥാനമന്ദിര നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ 7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 38)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 4.12 ലക്ഷം രൂപയായിരുന്നു. ആകെ ചെലവായത് 396.33 ലക്ഷം രൂപയാണ്. അധിക അധികാരപ്പെടുത്തൽ ഉത്തരവ് മുഖേന അധികം ആവശ്യം വന്ന തുക ധനപുനഃവിനിയോഗം വഴി കണ്ടെത്തി.

ശിപാർശ

4059-01-051-96-16— പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം-ഉന്നതി-വൻകിട അറ്റകുറ്റപ്പണികൾ

വിവിധ താലൂക്ക്, റവന്യൂ ഓഫീസുകളുടെ കെട്ടിട നിർമ്മാണത്തിനും നവീകരണത്തിനുമായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 39)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം 41.19 ലക്ഷം രൂപയായിരുന്നു. ആകെ ചെലവായത് 39.13 ലക്ഷം രൂപയാണ്. അതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

4059-01-051-95-16— <u>പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം-മുദ്രപ്പത്രങ്ങൾ, രജിസ്ട്രേഷൻ-വൻകിട മരാമത്തു പണികൾ</u>

രജിസ്ട്രാർ ഓഫീസുകളുടെ പണികൾക്കായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 40)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം 247.12 ലക്ഷം രൂപയായിരുന്നു. ആകെ ചെലവായത് 174.41 ലക്ഷം രൂപയാണ്. അതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

4059-01-051-94-16 — <u>പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം-സ്റ്റേറ്റ് എക്സൈസ് - വൻകിട മരാമത്തു പണികൾ</u>

എക്സൈസ് കോംപ്ലക്സും ഓഫീസുകളും ഉൾപ്പെടെ പല മേജർ പണികളും പൂർത്തിയാക്കാനുള്ളതിനാൽ ഈ ശീർഷകത്തിൽ 7.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 41)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം 247.12 ലക്ഷം രൂപയായിരുന്നു. ഈ ശീർഷകത്തിൽ 424.98 ലക്ഷം രൂപ ചെലവായി. അധിക അധികാരപ്പെടുത്തൽ ഉത്തരവ് മുഖേന അധികം ആവശ്യം വന്ന തുക ധനപുനഃവിനിയോഗം വഴി കണ്ടെത്തി.

<u>ശിപാർശ</u>

4059-01-051-92-16 — <u>പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം-പബ്ലിക് സർവ്വീസ് കമ്മീഷൻ-വൻകിട മരാമത്തു പണികൾ</u>

പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഓഫീസ് കെട്ടിടങ്ങളുടെ പണികൾക്കായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 42)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം 8.24 ലക്ഷം രൂപയായിരുന്നു. ആകെ ചെലവായത് 126.86 ലക്ഷം രൂപയാണ്. അധിക അധികാരപ്പെടുത്തൽ ഉത്തരവ് മുഖേന അധികം ആവശ്യം വന്ന തുക ധനപുനഃവിനിയോഗം വഴി കണ്ടെത്തി.

<u>ശിപാർശ</u>

4059-01-051-91-16 — <u>പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം-സെക്രട്ടേറിയറ്റ് ജനറൽ സർവ്വീസ്-വൻകിട മരാമത്തുപണികൾ</u>

സെക്രട്ടേറിയറ്റിലെ പല ഓഫീസുകളുടെയും പണികൾ പൂർത്തീകരിക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 43)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം 247.12 ലക്ഷം രൂപയായിരുന്നു. ഈ ശീർഷകത്തിൽ ആകെ ചെലവായത് 349.41 ലക്ഷം രൂപയാണ്. ആധിക അധികാരപ്പെടുത്തൽ ഉത്തരവ് മുഖേന അധികം ആവശ്യം വന്ന തുക ധനപുനഃവിനിയോഗം വഴി കണ്ടെത്തി.

ശിപാർശ

4059-01-051-90-16 — പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം-ട്രഷറിയും അക്കൗണ്ട്സും-വൻകിട മരാമത്തു പണികൾ

ട്രഷറിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 44)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 41.19 ലക്ഷം രൂപയായിരുന്നു. ഈ ശീർഷകത്തിൽ ചെലവൊന്നും തന്നെയില്ല. അതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

4059-01-051-88-16 — പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - ജയിൽ - വൻകിട മരാമത്തുപണികൾ

ജയിൽ ഡി.ജി.പി, ഐ.ജി, ഡി.ഐ.ജി. ഓഫീസുകളുടെ നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 45)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 0.82 ലക്ഷം രൂപയായിരുന്നു. ഈ ശീർഷകത്തിൽ ചെലവൊന്നും തന്നെയില്ല. അതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

4059-01-051-87-16 — പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം-സ്റ്റേഷനറിയും അച്ചടിയും-വൻകിട മരാമത്തു പണികൾ

സ്റ്റേഷനറി അച്ചടി വകുപ്പിന്റെ ഓഫീസ് കെട്ടിടങ്ങളുടെ പണികൾക്കായി ഈ ശീർഷകത്തിൽ 9 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 46)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം 0.82 ലക്ഷം രൂപയായിരുന്നു. ഈ ശീർഷകത്തിൽ ചെലവൊന്നും തന്നെയില്ല. അതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

4059-01-051-86-16 — <u>പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം-പൊതുമരാമത്ത് പണികൾ (സിവിൽ ജോലികൾ)-വൻകിട മരാമത്തുപണികൾ</u>

സിവിൽ സ്റ്റേഷൻ, മിനി സിവിൽ സ്റ്റേഷൻ തുടങ്ങിയവയുടെ പണികൾ പൂർത്തീകരിക്കാനും കരാറുകാരുടെ കടിശ്ശിക ബില്ലുകൾ നൽകുവാനും ഈ ശീർഷകത്തിൽ 75 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 47)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം 3242.17 ലക്ഷം രൂപയായിരുന്നു. ഈ ശീർഷകത്തിൽ 3291.01 ലക്ഷം രൂപ ചെലവായി. അധിക അധികാരപ്പെടുത്തൽ ഉത്തരവ് മുഖേന അധികം ആവശ്യം വന്ന തുക ധനപുനഃവിനിയോഗം വഴി കണ്ടെത്തി.

<u>ശിപാർശ</u>

4059-01-051-83-16 — <u>പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം-രാജ്ഭവൻ മരാമത്തു പണികൾ-വൻകിട മരാമത്തു പണികൾ</u>

രാജ്ഭവൻ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 48)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 20.59 ലക്ഷം രൂപയായിരുന്നു. ഈ ശീർഷകത്തിൽ 25.44 ലക്ഷം രൂപ ചെലവായി. അധിക അധികാരപ്പെടുത്തൽ ഉത്തരവ് മുഖേന അധികം ആവശ്യം വന്ന തുക ധനപുനഃവിനിയോഗം വഴി കണ്ടെത്തി.

ശിപാർശ

4059-01-051-75-16 — പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം-സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്-വൻകിട മരാമത്തുപണികൾ

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഓഫീസ് കെട്ടിടങ്ങളുടെ പണികൾക്കായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 49)

സ്വീകരിച്ച നടപടി

പ്ലാൻ ഇനത്തിൽ ബഡ്ജറ്റ് വിഹിതം 8.24 ലക്ഷം രൂപയാണ്. ഈ ശീർഷകത്തിൽ ചെലവൊന്നും തന്നെയില്ല. അതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

4059-01-051-72 — പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം-വില്ലേജ് ഓഫീസുകളുടെ നിർമ്മാണവും പുനരുദ്ധാരണവും

വില്ലേജ് ഓഫീസുകളുടെയും റസിഡൻഷ്യൽ ക്വാർട്ടേഴ്സിന്റെയും പണികൾക്കായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 50)

സ്വീകരിച്ച നടപടി

ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ഈ ശീർഷകത്തിൽ 204.65 ലക്ഷം രൂപ ചെലവായി. അധിക അധികാരപ്പെടുത്തൽ ഉത്തരവ് മുഖേന അധികം ആവശ്യം വന്ന തുക ധനപുനഃവിനിയോഗം വഴി കണ്ടെത്തി.

ശിപാർശ

4059-60-051-85-16 — പൊതുമരാമത്ത് മൂലധനച്ചെലവ്-മറ്റ് കെട്ടിടങ്ങൾ-നിർമ്മാണം-അഗ്നിപ്രതിരോധവും നിയന്ത്രണവും-വൻകിട മരാമത്തു പണികൾ

വിവിധ ഫയർ സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 51)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 500 ലക്ഷം രൂപയായിരുന്നു. ഈ ശീർഷകത്തിൽ 63.89 ലക്ഷം രൂപ ചെലവായി. അതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

4059-60-051-83 — പൊതുമരാമത്ത് മൂലധനച്ചെലവ്-മറ്റ് കെട്ടിടങ്ങൾ-നിർമ്മാണം-രാജ്ഭവൻ (മരാമത്തുപണികൾ)

ഈ ശീർഷകത്തിൽ തുകയൊന്നും അനുവദിക്കാത്തതിനാൽ 45 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 52)

സ്വീകരിച്ച നടപടി

ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ഈ ശീർഷകത്തിൽ ചെലവൊന്നും തന്നെയില്ല. അതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

4059-60-051-77-16 — പൊതുമരാമത്ത് മൂലധനച്ചെലവ്-മറ്റ് കെട്ടിടങ്ങൾ-നിർമ്മാണം-നിയമസഭാ ഹോസ്റ്റൽ കോമ്പൗണ്ടിൽ നിയമസഭാ സാമാജികർക്ക് വേണ്ടിയുള്ള ഫ്ളാറ്റ് നിർമ്മാണം-വൻകിട മരാമത്തുപണികൾ

നിയമസഭാ സാമാജികർക്ക് വേണ്ടിയുള്ള ഫ്ലാറ്റ് നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ധനാഭ്യർത്ഥന നമ്പർ 53)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം 41.19 ലക്ഷം രൂപയായിരുന്നു. ഈ ശീർഷകത്തിൽ ചെലവൊന്നും തന്നെയില്ല. അതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

4059-60-051-69 — <u>പൊതുമരാമത്ത് മൂലധനച്ചെലവ് - മറ്റ് കെട്ടിടങ്ങൾ-നിർമ്മാണം- ജുഡീഷ്യറിയുടെ അടിസ്ഥാന സൗകര്യവികസനം (കോടതി കെട്ടിടങ്ങൾ, ജഡ്ജിമാരുടെ വാസസ്ഥലങ്ങൾ എന്നിവയുടെ നിർമ്മാണം- 60% കേന്ദ്ര വിഹിതം)</u>

60% കേന്ദ്ര സഹായം ഉള്ള ഈ ശീർഷകത്തിൽ കോടതി കെട്ടിടങ്ങളുടെ പണികൾക്കായി 15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ധനാഭ്യർത്ഥന നമ്പർ 54)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം 3706.75 ലക്ഷം രൂപയായിരുന്നു. ആകെ ചെലവായത് 2594.11 ലക്ഷം രൂപയാണ്. അതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

4059-80-201-99 — <u>പൊതുമരാമത്ത് മൂലധനച്ചെലവ്-ജനറൽ-സ്ഥലം പൊന്നും വിലയ്ക്കെടുക്കൽ - ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരം</u>

ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരം നൽകുന്നതിന് ഈ വർഷം അനുവദിച്ച പുതിയ ശീർഷകത്തിൽ തുകയൊന്നും വകയിരുത്താത്തതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ധനാഭ്യർത്ഥന നമ്പർ 55)

സ്വീകരിച്ച നടപടി

ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ഈ ശീർഷകത്തിൽ ചെലവൊന്നും തന്നെയില്ല. അതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

5054-01-337-99— റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-നാഷണൽ ഹൈവേകൾ-റോഡുപണികൾ-നാഷണൽ ഹൈവേ കടന്നു പോകുന്ന വഴിയിലുള്ള തെരഞ്ഞെടുത്ത പട്ടണങ്ങളിൽ ബൈപ്പാസുകൾ നിർമ്മിക്കുന്നതിന്

കുറ്റിപ്പുറം-പുതുപൊന്നാനി റോഡ്, താഴെചൊവ്വാ ഭാഗത്തെ വീതികൂട്ടൽ തുടങ്ങിയ പ്രവൃത്തികളുടെ ബില്ലുകൾ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 56)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 411.86 ലക്ഷം രൂപ ആയിരുന്നു. ആകെ ചിലവ് 254.74 ലക്ഷം രൂപ ആണ് ഈ ചെലവ് ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ ആയതിനാൽ സമിതി ശിപാർശ പ്രകാരം അധികമായ തുക ആവശ്യം വന്നില്ല.

ശിപാർശ

5054-01-337-98-16 — റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-നാഷണൽ ഹൈവേകൾ-റോഡുപണികൾ - ദേശീയപാതയെ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന ഭാഗത്തിന്റെ വികസനം - വൻകിട മരാമത്തുപണികൾ

ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന പ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങൾക്കും കരമന-കളിയിക്കാവിള ദേശീയ പാതയുടെ ഒന്നാം ഘട്ടം രണ്ടാം റീച്ച് പ്രാവച്ചമ്പലം-വഴിമുക്ക് റോഡിന്റെ വികസനത്തിനും മറ്റ് പ്രവൃത്തികൾക്കുമായി ഈ ശീർഷകത്തിൽ 37.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 57)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം 247.12 ലക്ഷം രൂപ ആയിരുന്നു. ആകെ ചെലവ് 2751.22 ലക്ഷം രൂപ ആണ് അധികമായ തുക സമിതി ശിപാർശ പ്രകാരം ധനഃപുനവിനിയോഗം വഴി അനുവദിച്ചുതന്നിട്ടുണ്ട്.

<u>ശിപാർശ</u>

5054-01-337-96 — <u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-നാഷണൽ ഹൈവേകൾ-റോഡുപണികൾ-ദേശീയപാതയിലെ ബൈപ്പാസുകളുടെ നിർമ്മാണം</u>

ദേശീയപാതാ വിഭാഗത്തിൽ വരുന്ന പുതിയ ബൈപ്പാസുകളുടെ നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 58)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം 0.82 ലക്ഷം രൂപ ആയിരുന്നു ബില്ലുകൾ ഒന്നും തന്നെ സാമ്പത്തിക വർഷം സമർപ്പിച്ചിട്ടില്ലാത്തതിനാൽ ചെലവുകൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

<u>ശിപാർശ</u>

5054-01-337-95 — <u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-നാഷണൽ ഹൈവേകൾ-റോഡുപണികൾ-കൊല്ലം, ആലപ്പുഴ-ദേശീയപാത ബൈപ്പാസ് (കേന്ദ്ര സർക്കാരുമായി ചെലവ് പങ്കിടൽ)</u>

കൊല്ലം-ആലപ്പുഴ-ദേശീയപാത ബൈപ്പാസ് നിർമ്മാണപ്രവൃത്തികളുടെ ബില്ലുകൾ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 200 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 59)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം 0.82 ലക്ഷം രൂപ ആയിരുന്നു ആകെ ചിലവ് 5771.94 ലക്ഷം രൂപ ആണ്. ഇത് സമിതി ശിപാർശ പ്രകാരം ധനഃപുനർവിനിയോഗം വഴി അനുവദിച്ച് തന്നിട്ടുണ്ട്.

ശിപാർശ

5054-01-800-99 — റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-നാഷണൽ ഹൈവേകൾ-മറ്റ് ചെലവുകൾ-ദേശീയപാതയെ ബന്ധിപ്പിക്കുന്ന ഭാഗത്തെ ട്രാഫിക്ക് സുരക്ഷിതത്വ നടപടികൾ

ദേശീയപാതയെ ബന്ധിപ്പിക്കുന്ന ഭാഗത്തെ ട്രാഫിക് സുരക്ഷിതത്വ പണികൾക്കായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 60)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 2059.31 ലക്ഷം രൂപ ആയിരുന്നു ആകെ ചെലവ് 791 ലക്ഷം രൂപ ആണ്. ഈ ചെലവ് ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ ആയതിനാൽ സമിതി ശിപാർശ പ്രകാരം അധികമായ തുക ആവശ്യം വന്നില്ല.

ശിപാർശ

5054-01-800-97 — റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-നാഷണൽ ഹൈവേകൾ-മറ്റ് ചെലവുകൾ-ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിഹിതം

കഴക്കൂട്ടം മുതൽ കേശവദാസപുരം വരെയുള്ള റോഡു വികസനത്തിന് 2 മേൽപ്പാലങ്ങൾക്കായി സ്ഥലം ഏറ്റെടുക്കുന്നതിന് ഈ ശീർഷകത്തിൽ 500 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 61)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം ചാർജ്ജ് ചെയ്തത് 500 ലക്ഷം രൂപ ആയിരുന്നു. ആകെ ചെലവായത് 11623.03 ലക്ഷം രൂപ ആണ്. അധികമായ തുക സമിതി ശിപാർശ പ്രകാരം ധനഃപുനവിനിയോഗം വഴി അനുവദിച്ച് തന്നിട്ടുണ്ട്.

ശിപാർശ

5054-03-337-98-16 — റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-സംസ്ഥാന പാതകൾ-റോഡുപണികൾ-വികസനവും പരിഷ്കരണവും-വൻകിട മരാമത്തുപണികൾ

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും നിലവിലുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും വെള്ളപ്പൊക്കം മൂലം നാശനഷ്ടങ്ങൾ സംഭവിച്ച സംസ്ഥാന പാതകളുടെ പുനർനിർമ്മാണത്തിനുമായി ഈ ശീർഷകത്തിൽ 375 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 62)

<u>സ്വീകരിച്ച നടപടി</u>

ആകെ ചെലവായത് 7478.41 ലക്ഷം രൂപയാണ്. ഇതിൽ അധികമായി വേണ്ടി വന്ന തുക സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം വഴി അനുവദിച്ച് തന്നിട്ടുണ്ട്.

<u>ശിപാർശ</u>

5054-04-101-99-16 — <u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജില്ലാതല റോഡുകളും മറ്റ് റോഡുകളും-പാലം പണികൾ-പ്രധാന ജില്ലാതല റോഡുകൾ പാലങ്ങളും കലുങ്കുകളും-വൻകിട മരാമത്തുപണികൾ</u>.

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും നിലവിലുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും വെള്ളപ്പൊക്കംമൂലം നാശനഷ്ടങ്ങൾ സംഭവിച്ച പാലങ്ങളുടെ പുനർനിർമ്മാണത്തിനുമായി ഈ ശീർഷകത്തിൽ 15 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 63)

<u>സ്വീകരിച്ച നടപടി</u>

ആകെ ചെലവായത് 7853.27 ലക്ഷം രൂപയാണ്. ഇതിൽ അധികമായി വേണ്ടി വന്ന തുക സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം വഴി അനുവദിച്ച് തന്നിട്ടുണ്ട്.

<u>ശിപാർശ</u>

5054-04-101-98 — <u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജില്ലാതല റോഡുകളും മറ്റ് റോഡുകളും-പാലം പണികൾ-മറ്റ് ജില്ലാതല റോഡുകൾ പാലങ്ങളും കലുങ്കുകളും</u>

